**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പി.എസ്.സി. കോച്ചിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കാസർകോട് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പി.എസ്.സി. കോച്ചിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രവർത്തിക്കുന്നുണ്ട്. 2013 ൽ കാസർഗോഡ് ജില്ലയിൽ ചെർക്കളയിൽ ആണ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പി.എസ്.സി ഉൾപ്പെടെയുള്ള നിയമന ഏജൻസികളുടെ മത്സരപരീക്ഷയ്ക്ക് പരിശീലനം നൽകുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ആരംഭിച്ചത്. |
| (ബി) | എങ്കിൽ ഇത് എവിടെയാണ് പ്രവർത്തിക്കുന്നതെന്നും ഏത് വർഷത്തിലാണ് സ്ഥാപിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രവർത്തിക്കുന്നുണ്ട്. 2013 ൽ കാസർഗോഡ് ജില്ലയിൽ ചെർക്കളയിൽ ആണ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പി.എസ്.സി ഉൾപ്പെടെയുള്ള നിയമന ഏജൻസികളുടെ മത്സരപരീക്ഷയ്ക്ക് പരിശീലനം നൽകുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ആരംഭിച്ചത്. |
| (സി) | ഇതുവരെ എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പരിശീലനം നേടിയെന്നും അത് വഴി അവർക്കുണ്ടായ നേട്ടങ്ങൾ എന്താണെന്നും വിശദമാക്കുമോ; | (സി) | 2022 വർഷം വരെ ആകെ 1970 വിദ്യാർത്ഥികൾ കാസർഗോഡ് പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയിട്ടുണ്ട്. ഇവരിൽ 64 പേർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്. |
| (ഡി) | എത്രപേർക്ക് പരിശീലനം നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളതെന്നും നിലവിൽ എത്രപേർ പരിശീലനം നേടിവരുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ഡി) | ഒരേ സമയം 70 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളത്. നിലവിൽ 70 വിദ്യാർത്ഥികൾ ടി സെന്ററിൽ പരിശീലനം നേടി വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ഒരു വർഷത്തെ ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | അനുബന്ധം ആയി ചേർക്കുന്നു. |
| (എഫ്) | പ്രസ്തുത കോച്ചിംഗ് സെന്റർ നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏതാണെന്നും മാറ്റാനുള്ള കാരണം എന്താണെന്നും അറിയിക്കുമോ? | (എഫ്) | **ഇല്ല** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| കാസർകോട് കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ഒരു വർഷത്തേക്ക് ഉള്ള ചെലവ് വിവരങ്ങൾ | |
|---|---|
| സ്റ്റാഫ് സാലറി | 12,57,120/- |
| ഫാക്കൽറ്റി ഹോണറേറിയം | 7,45,000/- |
| മറ്റ് ചെലവുകൾ | 55,329/- |
| വാടക | 2,06,760/-<br>(17230 x 12) |
| കാഷ്വൽ സ്വീപ്പറുടെ വേതനം | 96,000/-<br>(8000 x 12) |
| ആകെ | 23,60,209/- രൂപ<br>(ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റിയൊമ്പത് രൂപ മാത്രം) |

അസി. സെക്ഷൻ ഓഫീസർ